**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **30-06-2022 - ൽ മറുപടിയ്ക്ക്**

**പൊതുകുളങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊതുകുളങ്ങളുടെ നവീകരണത്തിനായി അങ്കമാലി മണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെയായി ലഭിച്ച പ്രൊപ്പോസലുകൾ ഏതെല്ലാം എന്നതിന്റെ പട്ടിക ലഭ്യമാക്കുമോ; | (എ) | അങ്കമാലി മണ്ഡലത്തിലെ പൊതുകുളങ്ങളുടെ നവീകരണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രപ്പോസലുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചവയുടെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | അങ്കമാലി മണ്ഡലത്തിലെ പൊതുകുളങ്ങളുടെ നവീകരണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ നശിച്ച ജല സേചന ജലവിഭവ സ്രോതസ്സുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അങ്കമാലി മണ്ഡലത്തിലെ കഴിഞ്ഞ കാലങ്ങളിലെ പ്രളയങ്ങളിൽ നശിച്ച ജലസേചന ജലവിഭവ സ്രോതസ്സുകളെ ശക്തി പ്പെടുത്തുന്നതിനായി എസ്.ഡി.ആർ.എഫ് പദ്ധതിയിൽ കനാൽ നവീകരണത്തിനായി 60.92 ലക്ഷം രൂപയുടെ 41 പദ്ധതികളും, തോട് വൃത്തിയാക്കലിനായി 15.50 ലക്ഷം രൂപയുടെ 2 പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അങ്കമാലി മണ്ഡലത്തിലെ ജലവിഭവ സ്രോതസ്സുകളെ ശക്തിപ്പെടുത്തുന്നതിനായി ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ, അടിയന്തരസ്വഭാവം പരിഗണിച്ച് പെരിയാറിലേയും, വിവധ കൈത്തോട്ടുകളുടേയും എക്കലും, ചെളിയും മാറ്റി വൃത്തിയാക്കി കൊണ്ടിരിക്കുന്ന ഈ പദ്ധതി ഈ മണ്ഡലത്തിലെ ഒട്ടുമിക്ക ജലസ്രോതസ്സുകളെയും പുനരുജ്ജീവിപ്പിക്കാൻ സഹായമാവുന്നതാണ്. അങ്കമാലി-മാഞ്ഞാലി കനാൽ അത്തരത്തിൽ കുളവാഴയും, എക്കലും മാറ്റി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും സഹായകമായിട്ടുണ്ട്. അങ്കമാലി നിയോജകമണ്ഡലത്തിലെ ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനയറുടെ കാര്യാലയത്തിനു കീഴിൽ നടന്നുവരുന്ന മറ്റു പ്രവൃത്തികൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തദ്ദേശസ്ഥാപനം | പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിലെ കാർപ്പിള്ളിക്കാവ് ശ്രീ.മഹാദേവക്ഷേത്രക്കുളം | മഞ്ഞപ്ര പഞ്ചായത്ത്. Ltr.Dt. 27.09.2021. | താലൂക്ക് സർവ്വെയറുടെ സേവനം ലഭ്യമാക്കി അതിർത്തി നിർണ്ണയം നടത്തി സർവ്വെ സ്കെച്ച് ലഭ്യമാക്കുന്നതിനായി പഞ്ചായത്തുകളിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| 2. | മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലെ നരിക്കുഴിചിറ | മഞ്ഞപ്ര പഞ്ചായത്ത്. Ltr.Dt. 01.10.2021. E3- Ptn 2308/21 dated 26.11.2021 | സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. 37.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PRICE -I ൽ തയ്യാറാക്കിയിട്ടുള്ളതാണ്. PRICE -3 ൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| 3. | മൂക്കന്നൂർ പഞ്ചായത്തിലെ 13-ാം വാർഡിലെ അട്ടാറചിറ | മൂക്കന്നൂർ പഞ്ചായത്ത്. Ltr.Dt. 17.09.2021 E3- Ptn 2197/21 dated 18.11.2021 | താലൂക്ക് സർവ്വെയറുടെ സേവനം ലഭ്യമാക്കി അതിർത്തി നിർണ്ണയം നടത്തി സർവ്വെ സ്കെച്ച് ലഭ്യമാക്കുന്നതിനായി പഞ്ചായത്തുകളിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| 4. | മൂക്കന്നൂർ പഞ്ചായത്തിലെ 14-ാം വാർഡിലെ പറമ്പയംചിറ | മൂക്കന്നൂർ പഞ്ചായത്ത്. E3- Ptn 2286/21 dated 25.11.2021 | താലൂക്ക് സർവ്വെയറുടെ സേവനം ലഭ്യമാക്കി അതിർത്തി നിർണ്ണയം നടത്തി സർവ്വെ സ്കെച്ച് ലഭ്യമാക്കുന്നതിനായി പഞ്ചായത്തുകളിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-II

| Sl.No. | Name of Work | Amount |
|---|---|---|
| 1 | SDRF Irrigation Investigation Subdivision Aluva- Urgent Rectification works to the left bank of Chalakkudy river in ward no 10 of Parakkadavu Panchayath near Cheerathikadavu thodu including rectification of Panchayath Kadavu.(Price Id 2021/2571/IA) | 3500000 |
| 2 | SDRF Irrigation Investigation Subdivision Aluva-Urgent Rectification works to the right bank of Chalakkudy river in ward No.11 of Parakkadavu Panchayath near old Panchayath Kadavu besides Kalathimana Reach-2 (Price Id 2021/2574/IA ) | 2360000 |
| 3 | SDRF Irrigation Investigation Subdivision Aluva -Urgent Rectification works to the right bank of Chalakkudy river in ward No.11 of Parakkadavu Panchayath near old Panchayath Kadavu besides Kalathimana Reach-1 (Price ID:2021/2573/IA) | 2000000 |
| 4 | SDRF Irrigation Investigation Subdivision Aluva- Urgent Rectification works to the left bank of Chalakkudy river in ward no 17 of Parakkadavu Panchayath near Padayanamkunnu Pump house besides Palippuzha kadavu (Price ID:2021/2580/IA) | 3000000 |
| 5 | SDRF urgent side protection works to the left bank of periyar river in ward No 4 of Koovappady panchayath. (Price ID:2021/1713/IA) | 1500000 |
| 6 | SDRF-Irrigation Investigation Subdivision Aluva- Urgent Rectification works to the left bank of Chalakudy river in ward No.15 of Survey No.6/7-, 6/8, 6/9 of Parakkadavu Panchayath (Price ID:2021/2578/IA) | 2500000 |
| 7 | SDRF- Side protection works to the Right bank of Periyar river at Andethu Kadavu Road in ward no: 13 of Malayattoor Neeleeswaram Panchayath. (Price ID:2021/1688/IA) | 2500000 |
| 8 | SDRF - Urgent Side Protection works to the right bank of Periyar river near Thachethu kadavu in ward no 10 of Malayattoor/Neeleeswaram panchayath (Price ID:2019/9663/IA) | 1500000 |

സെക്ഷൻ ഓഫീസർ